“CORRUPTION, A CRIME AGAINST NATION”

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം** 695033
E-mail:vig.vacb@kerala.gov.in
**ഫോൺ നം.** 0471-2305393
**തീയതി.**09.11. 2023

**“ ഓപ്പറേഷൻ വനജ്”** :- സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസുകളിൽ വിജിലൻസ് നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തി

സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളിലും വിവിധ പദ്ധതികളിലും ക്രമക്കേടുകൾ നടക്കുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗവികസ വകുപ്പ് ഓഫീസുകളിലും **“ ഓപ്പറേഷൻ വനജ്”** എന്ന പേരിൽ ഇന്നലെ (08.11.2023) രാവിലെ 11.00 മണി മുതൽ മിന്നൽ പരിശോധന നടത്തി വരുന്നു. സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറേറ്റിലും സംസ്ഥാനത്തെ 7 പട്ടിക വർഗ്ഗ പ്രോജക്റ്റ് ഓഫീസുകളിലും 11 പട്ടികവർഗ്ഗവികസന ഓഫീസുകളിലും 14 പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസുകളിലുമാണ് മിന്നൽ പരിശോധന നടത്തി വരുന്നത്.

ഇന്നലെ മുതൽ നടന്നു വരുന്ന പരിശോധനയിൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യം വച്ച് സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പല പദ്ധതികളുടെയും നടത്തിപ്പിൽ പ്രാഥമികമായി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതാകുന്നു.

പട്ടികവർഗ്ഗവിഭാഗത്തിലെ ഗർഭിണികൾക്ക് 18 മാസം വരെ പ്രതിമാസം 2000/- രൂപ വീതം അനുവദിക്കുന്ന ജനനിജന്മരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ, കൊല്ലം എന്നീ ജില്ലയിൽ 2023-2024 സാമ്പത്തിക വർഷം പണം വിതരണം ചെയ്തതിൽ വിജിലൻസ് ക്രമക്കേടുകൾ കണ്ടെത്തി. 2019-ൽ ഈ പദ്ധതിയ്ക്കായി കണ്ണൂർ ഇരിട്ടി പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിൽ അനുവദിച്ച 36000/- രൂപ ചിലവഴിക്കാതെ ട്രഷറിയിൽ സൂക്ഷിച്ചിരിക്കുന്നതായും പാലക്കാട് പട്ടിക വർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിൽ മൂന്ന് വർഷം മുമ്പ് ഈ പദ്ധതി മുഖേനയുള്ള ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിലും നടപടികൾ സ്വീകരിയ്ക്കാതിരിക്കുന്നതായി വിജിലൻസ് കണ്ടെത്തി.

പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് വാങ്ങിയ ലാപ് ടോപ്പുകളിൽ നാലെണ്ണം റാന്നി പട്ടികവർഗ്ഗ വിസകന ഓഫീസിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായും വയനാട് ജില്ലയിലെ കല്പറ്റ പട്ടിക വർഗ്ഗ പദ്ധതി ഓഫീസിനു കീഴിലെ 15 കോളനികളിൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കിയതിൽ മൂന്നെണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വികസന ഓഫീസിൽ അപേക്ഷിച്ച അർഹയായ ഒരു കുട്ടിയ്ക്ക് ലാപ് ടോപ് നാളിതു വരെ അനുവദിച്ചിട്ടില്ലെന്നും പട്ടികവർഗ്ഗ വിഭാഗത്തിലെ അനാഥരായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതിയായ "കൈതാങ്ങ്പദ്ധതി"യിൽ മതിയായ പരിശോധന കൂടാതെ പണം അനുവദിച്ചിട്ടുള്ളതായി പത്തനംതിട്ട റാന്നി പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തി.

തൊടുപുഴ പട്ടികവർഗ്ഗ വികസന ഓഫീസിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി പാദരക്ഷ, നിശാവസ്ത്രം, യൂണിഫോം എന്നിവ വാങ്ങിയതിലും പാലക്കാട് പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിൽ പാൽ, മത്സ്യ-മാംസാദികൾ, പലവ്യഞ്ജനാദികൾ എന്നിവ വാങ്ങി നൽകിയതിലും ക്രമക്കേട് നടന്നതായും കാസർകോഡ് ജില്ല പരപ്പ പട്ടികവർഗ്ഗ വികസന ഓഫീസിൽ 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്കൂളുകളിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകിയതിൽ ക്രമക്കേട് നടന്നതായും തൊടുപുഴ പട്ടികവർഗ്ഗ വികസന ഓഫീസിൽ കുട്ടികളുടെ പഠന സ്കോളർഷിപ്പിനായി 2023-

24 സാമ്പത്തിക വർഷം അനുവദിച്ച 5 ലക്ഷം രൂപ നാളിതു വരെ വിതരണം ചെയ്തിട്ടില്ലെന്നും വിജിലൻസ് കണ്ടെത്തി.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഉയർന്ന മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്വർണ്ണമെഡൽ ലഭിച്ചതായി റിക്കാർഡു പ്രകാരം കാണപ്പെട്ട വിദ്യാർത്ഥിയെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ മെഡൽ ലഭിച്ചിട്ടില്ലായെന്ന് വിജിലൻസിനോട് വെളിപ്പെടുത്തുകയുണ്ടായി. കൂടാതെ 2021-22, 2022-23 എന്നീ സാമ്പത്തികവർഷങ്ങളിൽ പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വിദേശ പഠനത്തിനായി അനുവദിച്ച തുക കർണ്ണാടക സംസ്ഥാനത്ത് മേൽവിലാസമുള്ള അപേക്ഷകർക്ക് നൽകിയതായും പല അപേക്ഷകരും ഒരേ ഫോൺ നമ്പർ രേഖപ്പെടുത്തിയിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി. ഇതിന്മേൽ കൂടുതൽ പരിശോധന നടത്തി വരുന്നു.

പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വികസനം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന പ്രോജക്റ്റ് ഓഫീസുകൾ വഴി നടപ്പിലാക്കുന്ന ചില പദ്ധതികളിൽ കാലതാമസം വരുത്തുന്നതായി വിജിലൻസ് കണ്ടെത്തി. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് പട്ടികവർഗ്ഗ വികസന പ്രോജക്റ്റ് ഓഫീസിൽ നടത്തിയ പരിശോധനയിൽ 2022-ൽ കരാറുകാരനുമായി ഒപ്പിട്ട പാലത്തിന്റെ നിർമ്മാണം നാളിതു വരെ ആരംഭിച്ചിട്ടില്ലെന്നും ആയതിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ യാതൊരു വിധ തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്നും കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി പട്ടികവർഗ്ഗ വികസന പ്രോജക്റ്റ് ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ 2017-18 സാമ്പത്തിക വർഷം രണ്ടരക്കോടി രൂപ ചിലവഴിച്ച് പൂർത്തികരിച്ച കുടിവെള്ള പദ്ധതി മുഖേന ഒരു ഗുണഭോക്താവിന് പോലും നാളിതു വരെ കുടിവെള്ളം ലഭ്യമാക്കിയിട്ടില്ലായെന്നും ഇവിടെ ചില പദ്ധതികളിൽ കരാറുകാരുമായി കരാർ ഒപ്പിടുന്ന സമയത്ത് തന്നെ പണം മാറി നൽകുന്നതായും പാലക്കാട് പട്ടികവർഗ്ഗ വികസന ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ രണ്ട് കോളനികൾക്ക് 2020-2022 വർഷങ്ങളിൽ കുടിവെള്ള പദ്ധതിയ്ക്കായി തുക അനുവദിച്ചെങ്കിലും നാളിതു വരെ കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടില്ലെന്നും വിജിലൻസ് കണ്ടെത്തി.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനപുനരുദ്ധാരണ പദ്ധതിയ്ക്കായി കോട്ടയം ജില്ലയിലെ വൈക്കം പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിൽ ലഭിച്ച 18 ഓളം അപേക്ഷകളിൽ നടപടിയെടുക്കാതെ സൂക്ഷിക്കുന്നതായും ഭവനനവീകരണത്തിനായി സമർപ്പിച്ച 333 അപേക്ഷകൾ പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വികസന ഓഫീസിൽ തീർപ്പാകാതെ ഇരിക്കുന്നതായും പാലക്കാട് ഷോളിയൂർ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിൽ ഭവനപുനരുദ്ധാരണ പദ്ധതിയ്ക്കായി സമർപ്പിച്ച 150 അപേക്ഷകളിൽ തീരുമാനമെടുക്കാതിരിക്കുന്നതായും പാലക്കാട് ചിറ്റൂർ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസ്, മൂവാറ്റുപുഴ പട്ടികവർഗ്ഗ വികസന ഓഫീസ് എന്നിവിടങ്ങളിൽ ഭവനപുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചതിൽ ക്രമക്കേട് നടന്നിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

സർക്കാർ അനുവദിക്കുന്ന വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന 'ഊരുകൂട്ടം' യോഗങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തെ മിനുറ്റ്സ് പരിശോധിച്ചതിൽ ആലപ്പുഴ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസർ പങ്കെടുക്കാതിരിക്കുന്നതായും ഊരുകൂട്ടത്തിൽ പങ്കെടുക്കാത്തവരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി. കൂടാതെ മലപ്പുറം ജില്ലയിലെ നിലമ്പൂർ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസ്, പാലക്കാട് കൊല്ലംങ്കോട് പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ ഊരുകൂട്ടം കൂടാറില്ലെന്നും കാസർകോഡ് ജില്ലയിലെ എൻമകജേ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിൽ ഊരുകൂട്ടം സമർപ്പിക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്കും വിവിധ ധനസഹായങ്ങൾ നൽകിയിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

റാന്നി പട്ടികവർഗ്ഗ വികസന ഓഫീസ്, കോട്ടയം മേലുകാവ് പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസ് , കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി പട്ടികവർഗ്ഗ വികസന പ്രോജക്റ്റ് ഓഫീസ്, വർഷങ്ങളായി ഇന്റേണൽ ഓഡിറ്റ് നടത്തുന്നില്ലെന്നും തൃശ്ശൂർ ആമ്പല്ലൂർ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിലും കാസർകോഡ് ജില്ലയിലെ എൻമകജേ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിലും പാലക്കാട് ഷോളിയൂർ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിലും പാലക്കാട് പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസിലും വിവാഹധനസഹായ വിതരണങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായും മലപ്പുറം മഞ്ചേരി പട്ടികവർഗ്ഗ വികസന

ഓഫീസ് മുഖേന സർക്കാർ അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ പാലിയ്ക്കേണ്ട മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഒരേ സ്ഥാപനത്തിൽ നിന്നും കൂടിയ വിലയ്ക്ക് സ്ഥിരമായി ഭക്ഷ്യ വസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതായും വിജിലൻസ് കണ്ടെത്തി.

പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നൽകുന്ന ധനസഹായങ്ങൾ രേഖപ്പെടുത്തുന്ന വിവാഹധനസഹായ രജിസ്റ്റർ, ചികിത്സാ ധനസഹായരജിസ്റ്റർ, അനാഥർക്കുള്ള ധനസഹായം നൽകുന്ന കൈതാങ്ങ് രജിസ്റ്റർ, പതിനാല് വയസ്സു വരെയുള്ള കുട്ടികൾക്ക് നിർബന്ധിത പഠന സൌകര്യത്തിനായി യാത്രാ സൌകര്യം ഒരുക്കുന്ന ഗോത്രസാരഥി രജിസ്റ്റർ, മേലധികാരികളുടെ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഇൻസ്പെക്ഷൻ രജിസ്റ്റർ, മൂന്ന് മാസം കൂടുമ്പോൾ ഊരുകൂട്ടം ചേർന്ന് തീരുമാനങ്ങൾ രേഖപ്പെടുത്തേണ്ട ഊരുകൂട്ടം രജിസ്റ്റർ തുടങ്ങി വിവിധ പട്ടിക വർഗ്ഗ ഓഫീസുകളിൽ സൂക്ഷിയ്ക്കേണ്ട പല രജിസ്റ്ററുകളും ആലപ്പുഴ, കോട്ടയം ജില്ലയിലെ മേലുകാവ്, പുഞ്ചവയൽ, ഇടുക്കി ജില്ലയിലെ പീരുമേട്, കട്ടപ്പന, എറണാകുളം ജില്ലയിലെ ആലുവ, കണ്ണൂർ ജില്ലയിലെ ഇരിട്ടി, തളിപറമ്പ, കൂത്തുപറമ്പ്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, ഷോളിയൂർ, കൊല്ലംങ്കോട്, തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട എന്നീ പട്ടികവർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസുകളിലും പാലക്കാട്, എറണാകുളം ജില്ലയിലെ ഇടമലയാർ, കണ്ണൂർ എന്നീ പട്ടികവർഗ്ഗ വികസന ഓഫീസുകളിലും പരിപാലിച്ച് വരുന്നില്ലായെന്ന് വിജിലൻസ് കണ്ടെത്തി.

ഇന്നലെ മുതൽ നടക്കുന്ന മിന്നൽ പരിശോധനയിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വരും ദിവസങ്ങളിൽ പരിശോധന തുടരുമെന്നും സർക്കാരിന്റെ ക്ഷേമപദ്ധതികൾ അർഹരായവർക്കാണോ ലഭിച്ചതെന്ന് വരും ദിവസങ്ങളിൽ ഉറപ്പ് വരുത്തുമെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ വിനോദ് കുമാർ. ഐ.പി.എസ് അറിയിച്ചു.

വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ. വിനോദ് കുമാർ.ഐ.പി.എസ്-അവർകളുടെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി.ഹർഷിത അത്തല്ലൂരി.ഐ.പി.എസ്-ന്റെ മേൽനോട്ടത്തിലും പോലീസ് സൂപ്രണ്ട് (ഇന്റ്) ശ്രീ.ഇ.എസ്.ബിജുമോന്റെ നേതൃത്വത്തിലും

വിജിലൻസ് ഹെഡ് ക്വാർട്ടേഴ്സ് ഡി.വൈ.എസ്.പി  ശ്രീ. സി.വിനോദിന്റെ ഏകോപനത്തിലും നടന്നു വരുന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുക്കുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു